25-9-2019, 22-5-2019 തീയതികളിലായി സ്കൂൾ ടീച്ചർമാർക്കും ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുമായി ബോധവൽക്കരണ ക്ലാസുകൾ നടത്തിയ വകയിൽ 19,900 രൂപ ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് ചെലവാക്കിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

16-6-2021-ന് നടന്ന പാലക്കാട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിലെ അജണ്ട ഇനം നമ്പർ 2-ലെ തീരുമാനപ്രകാരം പാലക്കാട് ജില്ലാ പോലീസ് മേധാവി ലക്കിടി കൂട്ടുപാത ജംഗ്ഷനിൽ പുതിയ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനായി 11,24,669 രൂപയുടെ പ്രൊപ്പോസൽ അയയ്ക്കുന്നതാണ്.

### ഗതാഗത നിയമ ലംഘനങ്ങൾ

214 (4602) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ-സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് എന്തൊക്കെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ദേശീയപാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ, ANPR ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ ഹൈവേ പോലീസ് ഡിവിഷനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗും ദേശീയ-സംസ്ഥാന പാതകളിൽ സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവയുടെ പരിശോധന നടത്തുകയും, സിഗ്-സാഗ് ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ പോലെയുള്ള ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ പിടിക്കാറുമുണ്ട്. കൂടാതെ ജംഗ്ഷനുകളിൽ ANPR ക്യാമറകൾ മുഖേന ചുവന്ന ലൈറ്റ് ലംഘനങ്ങൾക്ക് പിഴ ചുമത്താറുണ്ട്. മുൻവർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച്, സംസ്ഥാനത്തെ ഏറ്റവും അപകടസാദ്ധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി, ഇവിടങ്ങളിൽ നിയമലംഘനം കണ്ടുപിടിക്കുന്നതിന് സംവിധാനങ്ങൾ ക്രമീകരിച്ചുവരുകയാണ്. സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച മാതൃകാ സുരക്ഷാ വീഥിയാണ് അടൂർ മുതൽ കഴക്കൂട്ടം വരെയുള്ള സുരക്ഷാവീഥി

LIBRARY ARCHIVES Kerala Legislative Assembly

എന്ന പദ്ധതി. ഇവിടെ നിയമലംഘനങ്ങൾ പരിശോധിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 എൻഫോൺസ്മെന്റ് സ്ക്വാഡുകളും അവർക്കുവേണ്ടുന്ന എൻഫോൺസ്മെന്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മുതൽ മുനമ്പം വരെയും (എറണാകുളത്തെ ഇ-യാത്ര പദ്ധതി) മെഡിക്കൽ കോളേജ് മുതൽ പേട്ട വരെയും (തിരുവനന്തപുരം ജില്ല), കൊട്ടിയം മുതൽ കുണ്ടറ വരേയും (കൊല്ലം ജില്ല), പാവങ്ങാട് മുതൽ കോരപ്പുഴ വരേയും (കോഴിക്കോട് ജില്ല) സുരക്ഷാവീഥി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ്**

215 (4603) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450 രൂപയുടെ ശിപാർശയ്ക്ക് 8-11-2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് നിലവിലെ തടസ്സമെന്ന് വ്യക്തമാക്കാമോ?

കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450 രൂപയുടെ ശിപാർശയ്ക്ക് 8-11-2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ട്രാഫിക് സാഹചര്യത്തെ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കല്ലമ്പലം ജംഗ്ഷനിൽ ഫലപ്രദമായ ട്രാഫിക് നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകത കവലയിലുണ്ടെന്ന് കണ്ടെത്തിയിരുന്നു. (Junction satisfies warrants for traffic signal installation as per IRC 93-1985) എന്നാൽ, കവലയിലെ നിലവിലെ Geometric layout, നേരായ ചലനങ്ങൾക്കും ട്രാഫിക് തിരിയുന്നതിനും ഫലപ്രദമായ ചാലനീകരണത്തിന് മതിയായ അകലം ഇല്ല (does not have adequate spacing for effective channelization of turning traffic and straight movements) ആയതിനാൽ നിലവിലുള്ള layout നിലനിർത്തിക്കൊണ്ട് ഈ കവലയിൽ ഒരു ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നത് ഇപ്പോഴുള്ള ട്രാഫിക് സാഹചര്യം മെച്ചപ്പെടുത്തുന്നില്ല. സിഗ്നൽ സംവിധാനത്തിന്റെ അവസാന ഇൻസ്റ്റാളേഷന് മുമ്പ് Geometric layout മെച്ചപ്പെടുത്തലുകൾ നടത്താൻ നാറ്റ്പാക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly